(സി) പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുമ്പോൾ പ്രസ്തുത തുക മുഴുവനും ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിൽ പെൻഷൻകാരെ നിർബന്ധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2000-2001 ൽ ഈ ഇനത്തിൽ 5 കോടി 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുമ്പോൾ ആ തുക മുഴുവൻ ട്രഷറിയിൽ നിക്ഷേപിക്കണമെന്നു വ്യവസ്ഥയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രഷറിയിൽ പണം നിക്ഷേപിച്ച ക്ഷേമനിധി ബോർഡുകൾ

20 (1293) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ഷേമനിധി ബോർഡുകളോടാണ് ട്രഷറിയിൽ പണം നിക്ഷേപിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ ഗവൺമെന്റ് ആവശ്യപ്പെട്ടത് അനുസരിച്ച് പണം നിക്ഷേപിച്ചിട്ടുണ്ട് ; എത്ര കോടി രൂപ ഈ ഇനത്തിൽ നിക്ഷേപിച്ചിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകൾ ഗവൺമെന്റിന്റെ ആവശ്യം നിരാകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബോർഡുകൾ ഏതെല്ലാമാണ് ; അതിനുള്ളകാരണം എന്തെല്ലാം ;

(ഇ) എന്തിന് വേണ്ടിയാണ് ട്രഷറിയിൽ പണം നിക്ഷേപിക്കണമെന്ന് ആവശ്യപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കള്ള് ചെത്ത് തൊഴിലാളി, അബ്കാരി തൊഴിലാളി, ചുമട്ട് തൊഴിലാളി, മോട്ടോർ തൊഴിലാളി, കെട്ടിട നിർമ്മാണ തൊഴിലാളി, എന്നീ ക്ഷേമനിധി ബോർഡുകളോടാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

കള്ളു ചെത്ത് തൊഴിലാളി ക്ഷേമ നിധി ബോർഡ്	71 കോടി രൂപ
അബ്കാരി തൊഴിലാളി ക്ഷേമ നിധി ബോർഡ്	15 കോടി രൂപ
ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ്	15 കോടി രൂപ
മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡ്	12 കോടി രൂപ
കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ്	40 കോടി രൂപ

(സി) നിരാകരിച്ചിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) വിഭവ സമാഹരണത്തിന് വേണ്ടി.

ക്ഷേമനിധി ബോർഡുകളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ

21 (1296) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിനു ക്ഷേമനിധി ബോർഡുകളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകൾക്ക് കോസ്റ്റ് ഓഫ് മൊബിലൈസേഷന് പുറമേ രണ്ടു ശതമാനം അഡ്മിനിട്രേസ്റ്റീവ് ചാർജ്ജ്കൂടി പലിശയായി നൽകാം എന്ന വ്യവസ്ഥയിലാണ് നിക്ഷേപങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അല്ലാതെ മറ്റു വ്യവസ്ഥകളൊന്നും ഉണ്ടാക്കിയിട്ടില്ല.

തൊഴിലാളി ക്ഷേമനിധി

22 (1297) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധികളിൽ നിന്നുമുള്ള ബാങ്ക് ഡെപ്പോസിറ്റുകൾ പിൻവലിക്കുവാനും ട്രഷറിയിൽ നിക്ഷേപിക്കുവാനും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം തൊഴിലാളി ക്ഷേമ ബോർഡുകൾക്ക് എത്ര രൂപ വീതം ട്രഷറിയിൽ ഡെപ്പോസിറ്റ് ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഡെപ്പോസിറ്റുകൾക്ക് സാധാരണ ട്രഷറി നിക്ഷേപങ്ങൾക്ക് നൽകുന്നതിൽ കൂടുതൽ പലിശ നൽകുന്നുണ്ടോ എന്ന് അറിയിക്കാമോ ;

(ഇ) എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly